# മധുരമായ കുട്ടികളേ-ശ്രേഷ്ഠമായി മാറുന്നതിനുവേണ്ടി സദാ ശ്രീമതത്തിലൂടെ നടന്ന് മുന്നേറിക്കൊണ്ടിരിക്കൂ. ലക്ഷ്മീനാരായണനും ശ്രീമതത്തിലൂടെയാണ് ഇത്രയും ശ്രേഷ്ഠരായി മാറിയത്.

**ചോദ്യം:–** ഭക്തീമാർഗ്ഗത്തിലും ഗോമുഖത്തിന്റെ ഓർമ്മചിഹ്നം എന്തിനാണ് ഉണ്ടാക്കിയിരിക്കുന്നത്?
**ഉത്തരം:–** എന്തുകൊണ്ടെന്നാൽ സംഗമത്തിൽ ബാബ ജ്ഞാനത്തിന്റെ കലശം മാതാക്കളിലാണ് വെച്ചിരിക്കുന്നത്. നിങ്ങൾ മാതാക്കളുടെ വായിലൂടെ ജ്ഞാനാമൃതം വരുന്നു. ഇതിലൂടെയാണ് എല്ലാവരും പാവനമായി മാറുന്നത്. അതിനാലാണ് ഭക്തിയിൽ ഗോമുഖത്തിന്റെ ഓർമ്മചിഹ്നം ഉണ്ടാക്കിയിരിക്കുന്നത്. നിങ്ങൾ ഗോമാതാക്കളാണ്, സർവരുടെയും മനോകാമനകൾ പൂർത്തീകരിക്കുന്നത്. അതിനാലാണ് നിങ്ങളുടെ ഓർമ്മചിഹ്നങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നത്.

**ഗീതം:–** നയനഹീനർക്ക് വഴി കാണിയ്ക്കൂ പ്രഭോ....

**ഓം ശാന്തി.** കുട്ടികൾ ഗീതം കേട്ടു. ഭക്തിമാർഗ്ഗത്തിലുള്ളവർ ബാബയെ വിളിയ്ക്കുന്നുണ്ട്, നയനഹീനരും ബുദ്ധിഹീനരുമായിട്ടുള്ളവർക്ക് വഴി പറഞ്ഞു തരൂ. അല്ലയോ പ്രഭൂ എന്നു പറഞ്ഞ് തന്റെ അച്ഛനെ ഓർമ്മിയ്ക്കുന്നു. അവരെ പരംപിതാ പരമാത്മാ എന്നു പറയുന്നു. എല്ലാ ജീവാത്മാക്കളും ബാബയെ ഓർമ്മിയ്ക്കുന്നു. നമ്മൾ ഈ പതിതലോകത്തിൽ വളരെ ദുഖിയാണ്. ഓരോ വാതിലുകൾ തോറും അലഞ്ഞുകൊണ്ടിരിക്കുകയാണ്. എവിടെ പോകുകയാണെങ്കിലും അദ്ദേഹത്തിന്റെ കർത്തവ്യത്തെക്കുറിച്ച് അറിയില്ല നമ്മൾ ആരുടെ അടുത്തേക്കു പോകുന്നു എന്നറിയില്ല, ശിവന്റെ ക്ഷേത്രത്തിൽ പോകുന്നുണ്ട് പക്ഷേ ശിവനാരാണെന്ന് അവർക്കറിയില്ല. എവിടെ പോയാലും തല കുനിയ്ക്കുന്നു. എന്നാൽ ശിവൻ ആരെന്നും എപ്പോൾ വന്നുവെന്നും അവർക്കറിയില്ല. ലക്ഷ്മീനാരായണന്റെ ക്ഷേത്രത്തിലും പോകുന്നുണ്ട് പക്ഷേ ഇവർ എപ്പോഴാണുള്ളത്, എങ്ങനെയാണ് രാജ്യം നേടിയത് എന്നറിയില്ല. ദിൽവാഡാ ക്ഷേത്രത്തിലും പോകുന്നുണ്ട് അവിടെ ആദിദേവനുണ്ടെങ്കിലും ഇത് ആരാണെന്നറിയില്ല. ജഗദംബയുടെ അടുത്ത് പോകുന്നുണ്ടെങ്കിലും എപ്പോൾ വന്നുവെന്നും എന്തു ചെയ്തുവെന്നും അറിയാതെ കേവലം പോയി തല കുനിയ്ക്കുന്നു. കുട്ടിയെ നൽകൂ അത് നൽകൂ, ഇത് നൽകൂ എന്ന് പറഞ്ഞ് പ്രാർത്ഥിയ്ക്കുന്നുണ്ടെങ്കിലും ഒന്നുമറിയുന്നില്ല. ഗോമുഖത്തിൽ പോയി എത്ര പരിശ്രമിച്ച് ഏണിപ്പടികൾ കയറുകയും ഇറങ്ങുകയും ചെയ്യുന്നു പക്ഷേ അവിടെ എന്താണ് വെച്ചിരിയ്ക്കുന്നത് എന്നതിനെക്കുറിച്ച് ഒന്നുമറിയില്ല. കല്ലിന്റെ ഒരു ഗോമുഖം ഉണ്ടാക്കിയിട്ടുണ്ട്, ഗോമുഖത്തിലൂടെ ഗംഗാജലം പുറത്തേക്ക് വരുമെന്ന് പറയുന്നു. മൃഗത്തിന്റെ മുഖത്തിലൂടെ അമൃത് വരില്ല. തീർത്ഥാടനങ്ങളിൽ പോകുന്നുണ്ട്, എന്നാൽ ആരുടെയും കർത്തവ്യത്തെക്കുറിച്ചറിയുന്നില്ല, ഇവർ എപ്പോൾ വന്നുവെന്നും, വന്ന് എന്താണ് ചെയ്തതെന്നും നമ്മൾ എന്തിനാണ് പൂജിയ്ക്കുന്നതെന്നും ഒന്നും അറിയുന്നില്ല. ബുദ്ധിഹീനരായതുകാരണം അല്ലയോ പ്രഭൂ, അല്ലയോ ബാബ എന്നു വിളിയ്ക്കുന്നുണ്ട് എന്തുകൊണ്ടെന്നാൽ എല്ലാവരുടെയും അച്ഛനാണ്.മനുഷ്യർക്ക് മൂന്ന് അച്ഛനുണ്ടെന്ന് പറയുന്നു-ഒന്ന് ആത്മാക്കളുടെ അച്ഛൻ ശിവൻ, രണ്ട് മുഴുവൻ മനുഷ്യ സൃഷ്ടിയുടെ അതായത് മനുഷ്യ കുലത്തിന്റെ രചയിതാവ് പ്രജാപിതാ ബ്രഹ്മാ, മൂന്ന് ലൗകീക പിതാവ്. നയനഹീനർക്ക് വന്ന് വഴികാണിയ്ക്കൂ, ഞങ്ങൾ സദാ ഇപ്രകാരമായി മാറാം എന്നു പറഞ്ഞ് ഭക്തരും ഒരു ഭഗവാനെ ഓർമ്മിയ്ക്കുന്നു.ഈ കലിയുഗം ദുഖധാമമാണ്.സത്യയുഗം സുഖധാമമാണ്.എവിടെ നിന്നാണോ നമ്മൾ ആത്മാക്കൾ പാർട്ട് അഭിനയിക്കാൻ വരുന്നത് അതിനെ ശാന്തിധാമമെന്ന് പറയുന്നു. ആത്മാവിന് ഈ ശരീരരൂപിയാകുന്ന വാദ്യോപകരണം അതായത് കർമ്മേന്ദ്രിയങ്ങൾ ഇവിടെ ലഭിയ്ക്കുന്നു, ഇതിലൂടെ ആത്മാവ് കർമ്മം ചെയ്യുന്നു. ആത്മാവ് അവിനാശിയാണ്, ശരീരം വിനാശിയാണ്. ആത്മാവ് പാരലൗകീക പരംപിതാ പരമാത്മാവിന്റെ സന്താനമാണ്. ലൗകീക അച്ഛന്റെ സന്താനമാണ് ശരീരം. ആത്മാവിന്റെ അച്ഛൻ ഒന്നു തന്നെയാണ്, ആ അച്ഛനെ ഓർമ്മിയ്ക്കുന്നതിലൂടെയാണ് സമ്പത്ത് ലഭിയ്ക്കുന്നത്. പരിധിയില്ലാത്ത സുഖത്തിന്റെയും ശാന്തിയുടെയും സമ്പത്ത് ഒരു മനുഷ്യരിൽ നിന്നും ലഭിയ്ക്കില്ല. ആരുതന്നെയാകട്ടെ ബ്രഹ്മാ,വിഷ്ണു,ശങ്കരനെയും ദേവത എന്നു പറയുന്നു, പരമാത്മാവ് ഒരു ശിവനാണ്. ശിവ പരമാത്മായ നമ എന്നു പറയുന്നു, ബ്രഹ്മ പരമാത്മായ നമ എന്നു പറയില്ല. ക്ഷേത്രങ്ങൾ പലതുണ്ടെങ്കിലും ആരുടെയും കർത്തവ്യത്തെക്കുറിച്ച് അറിയുന്നില്ല. ഉയർന്നതിലും ഉയർന്നത് പരംപിതാ പരമാത്മാവാണ്, പിന്നീട് ബ്രഹ്മാ,വിഷ്ണു,ശങ്കരനെ രചിയ്ക്കുന്നു. ശിവൻ നിരാകാരൻ വേറെയാണ്, ആകാരിയായ ശങ്കരൻ ദേവതയാണ്. പരമാത്മാ ഒന്നാണ്, ഈ ചോദ്യാവലി നല്ല രീതിയിൽ മനസ്സിലാക്കിക്കൊടുക്കണം. ആദ്യമാദ്യം സ്വർഗ്ഗത്തിന്റെ രചയിതാവായ ബാബയെ അറിയണം. മനുഷ്യർ ഭക്തിയിൽ അലഞ്ഞുകൊണ്ടിരിയ്ക്കുന്നു. ലക്ഷ്മീ നാരായ

ണൻ സ്വർഗ്ഗത്തിന്റെ അധികാരിയാണ്,അവിടെ സദാ സുഖം തന്നെ സുഖമാണ്. ഇവിടെ എല്ലാവരും ദുഖികളാണ്. ഈ ലോകം തന്നെ പഴയതാണ്. സത്യയുഗത്തിൽ ഭാരതം പവിത്ര ഗൃഹസ്ഥ ആശ്രമമായിരുന്നു, യഥാ രാജാ റാണി തഥാ പ്രജാ സർവ്വരും പാവനമാണ്. പതിതരെ പാവനമാക്കി മാറ്റുന്നത് ഒരേയൊരു പരംപിതാ പരമാത്മാവാണ്. രാധയും കൃഷ്ണനും സത്യയുഗത്തിലെ രാജകുമാരനും കുമാരിയുമാണ്, അവർ സ്വയം വരത്തിനുശേഷം ലക്ഷ്മീനാരായണന്മാരായി മാറുന്നു. സ്വർഗ്ഗത്തെ ശിവാലയം എന്നു പറയുന്നു, ഇപ്പോൾ ഭാരതമാതാക്കൾക്ക് ജ്ഞാനത്തിന്റെ കലശം നൽകി അവരിലൂടെ ബാബ എല്ലാവരെയും പാവനമാക്കി മാറ്റുകയാണ്. ഭാരതത്തിൽ പവിത്ര രാജ്യമായിരുന്നു, ഇപ്പോൾ അപവിത്ര രാജ്യമാണ്. ഗൃഹസ്ഥ ധർമ്മത്തിനു പകരം ഗൃഹസ്ഥ അധർമ്മമായി മാറിക്കഴിഞ്ഞു, വീണ്ടും ബാബ വന്ന് പാവനമാക്കി മാറ്റുന്നു, ബാബ ആത്മാക്കളോട് സംസാരിക്കുന്നു ഞാൻ പരംപിതാ പരമാത്മാ വന്നിരിയ്ക്കുകയാണ്. ആത്മാ പരമാത്മാ വളരെക്കാലം വേർപെട്ടിരുന്നു, നിങ്ങൾ വളരെക്കാലമായി വേർപെട്ടിരുന്നു, ഇപ്പോൾ തികച്ചും രോഗിയും പതിതരും കക്കയ്ക്കു തുല്യവുമായി മാറിക്കഴിഞ്ഞു. വീണ്ടും നിങ്ങൾക്ക് എനിയ്ക്കു സമാനമായി മാറണമെങ്കിൽ പുരുഷാർത്ഥം ചെയ്യണം, ഇത് ഭാരത മാതാ ശക്തി അവതാരമാണ്. ഈ ശിവബാബയെ തന്റെ അച്ഛനായി അംഗീകരിയ്ക്കുന്നു. ബാബയുമായി യോഗം വയ്ക്കുന്നതിലൂടെ ശക്തി ലഭിയ്ക്കുന്നു ഇതിലൂടെ 5 വികാരങ്ങളുടെ മേൽ ജയം നേടി മായയെ ജയിച്ച് ജഗത്തിനെ ജയിക്കുന്നവരായി മാറുന്നു. ഇത് ജയത്തിന്റെയും തോൽവിയുടെയും കളിയാണ്. ഈ ലോകത്തിന്റെ ഹിസ്റ്ററിയും ജോഗ്രഫിയും മനസ്സിലാക്കുന്നതിലൂടെ നിങ്ങൾക്ക് ചക്രവർത്തീ രാജാവായി മാറാൻ സാധിയ്ക്കുന്നു.ബാബ തന്നെയാണ് സ്വർഗ്ഗത്തിലേക്ക് വേണ്ടി പവിത്രത, സുഖ, ശാന്തിയുടെ സമ്പത്ത് നൽകുന്നത്. ഇത് രാജയോഗമാണ്, ഹഠയോഗിക്ക് രാജയോഗം പഠിക്കാൻ സാധിക്കില്ല.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ശ്രീമതം ലഭിച്ചിരിയ്ക്കുകയാണ്, ഇതിലൂടെ നിങ്ങൾ ശ്രേഷ്ഠരായി മാറിക്കൊണ്ടിരിക്കുകയാണ്. രാവണന്റെ മതത്തിലൂടെ നിങ്ങൾ ഭ്രഷ്ഠരായി മാറുകയാണ്. ഭാരതം ഇപ്പോൾ രാവണന്റെ മതപ്രകാരമായതിനാൽ ഇത്രയും ദുഖിയും ദരിദ്രരുമായി. ജഗദംബ എല്ലാവരുടെയും മനോകാമനകൾ പൂർത്തീകരിക്കുന്നു, അവരും അമ്മയായിരുന്നു. ജഗദംബ ശ്രീമതത്തിലൂടെ ഭാരതത്തെ സ്വർഗ്ഗമാക്കിയിരുന്നു, അതിനാൽ അവരുടെ മഹിമ പാടുന്നു. പവിത്രത കൂടാതെ നിങ്ങൾക്ക് പവിത്ര ലോകത്തിന്റെ അധികാരിയാകാൻ സാധിക്കില്ല. അരകൽപം ഭക്തി മാർഗ്ഗമായിരുന്നു, ഇപ്പോൾ ബാബ പറയുന്നു പവിത്ര ലോകത്തിന്റെ അധികാരിയാകണമെങ്കിൽ വന്ന് മനസ്സിലാക്കൂ. ഇപ്പോൾ ശ്രീമതം ലഭിച്ചിട്ടുണ്ടെങ്കിൽ അതിലൂടെ നടക്കണം. എന്റേത് ഒരു ശിവബാബ രണ്ടാമതായി ആരുമില്ല...............മനുഷ്യർ 84 ജന്മങ്ങൾ എടുക്കുന്നു. നിങ്ങൾ ശക്തികളാണ്.ശിവബാബയുമായി യോഗം വയ്ക്കുന്നതിലൂടെ നിങ്ങൾക്ക് ശക്തി ലഭിയ്ക്കും. ഇല്ലയെങ്കിൽ ഒരിയ്ക്കലും സ്വർഗ്ഗത്തിന്റെ അധികാരിയാകാൻ സാധിക്കില്ല. പാരലൗകീക അച്ഛനിലൂടെത്തന്നെയാണ് സംഗമത്തിൽ 21 ജന്മങ്ങളിലേക്കുള്ള സമ്പത്ത് ലഭിയ്ക്കുന്നത് അതിനാൽ പുരുഷാർത്ഥം ചെയ്യണം. തന്റെ കുട്ടികളുടെയും മംഗളം ചെയ്യണം. എന്നാൽ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറും. ഇത് രാജയോഗത്തിന്റെ പാഠശാലയാണ്. ഭഗവാനുവാച–കുട്ടികളെ ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിച്ച് രാജാക്കന്മാരുടെയും രാജാവ്,സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നു. കേവലം ബാബയെ ഓർമ്മിയ്ക്കുകയാണെങ്കിൽ അന്തിമത്തിലെ ഗതി നല്ലതായിത്തീരും. ബാബ സുഖധാമത്തിലേക്കയയ്ക്കും. ബാബ പറയുന്നു ഞാൻ വന്ന് എല്ലാവരെയും ശാന്തിധാമം,സുഖധാമത്തിലേക്ക് കൂട്ടിക്കൊണ്ട് പോകുന്നു. സത്യയുഗ ത്രേതായുഗത്തിൽ ഈ ഭക്തി തുടങ്ങിയവ ഉണ്ടായിരിക്കില്ല. അവിടെ 21 ജന്മം അളവറ്റ സുഖമാണ്. ഇപ്പോൾ ബാബ പറയുന്നു ഈ രാവണന് മേൽ വിജയം നേടൂ, വികാരത്തിനു വേണ്ടി വിവാഹം ചെയ്യുകയെന്നത് തന്റെ നഷ്ടം വരുത്തി വയ്ക്കുകയാണ്. പരംപിതാ പരമാത്മാവ് ആജ്ഞാപിക്കുകയാണ് പവിത്രമായി മാറുകയാണെങ്കിൽ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറും. ഈ ദുഖധാമത്തിൽ നിന്ന് ശാന്തിധാമം,സുഖധാമത്തിലേക്ക് പോകാൻ ആഗ്രഹിമുണ്ടെങ്കിൽ ഈ കാര്യം മനസ്സിലാക്കൂ.നിങ്ങൾക്കറിയാം ബാബയെക്കൂടാതെ ഏതെങ്കിലും മനുഷ്യരെ ഭഗവാനെന്ന് പറയുന്നത് തെറ്റാണ്. ഭഗവാൻ ഒന്നു തന്നെയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ശിവ പരമാത്മാ,ബ്രഹ്മാ,വിഷ്ണു, ശങ്കരൻ,ലക്ഷമീനാരായണൻ തുടങ്ങി എല്ലാവരുടെയും ജീവചരിത്രത്തെക്കുറിച്ചറിയാം. ഇപ്പോൾ നിങ്ങൾക്ക് ശ്രീമതത്തിലൂടെ ഇപ്രകാരം ലക്ഷ്മീ നാരായണനു സമാനം ശ്രേഷ്ഠരാകാൻ സാധിയ്ക്കും. തീർച്ചയായും പവിത്രമായി മാറണം. പരംപിതാ പരമാത്മാവിന്റെ ശ്രീമതത്തിലൂടെ ശ്രീമതത്തിലൂടെ ഒരു ബാബയെ ഓർമ്മിയ്ക്കുകയും പവിത്രമായി മാറുകയുമാണെങ്കിൽ 21 ജന്മങ്ങളിലേക്കുള്ള രാജഭാഗ്യം ലഭിയ്ക്കും. എത്ര സഹജമായ കാര്യമാണ്. ഇത് മനസ്സിലാക്കുന്നതിലൂടെ ഭക്തിയുടെ അലച്ചിലിൽ നിന്നും കരച്ചിലിൽനിന്നും പീഡനങ്ങളിൽ നിന്നും മുക്തമാകാൻ സാധിയ്ക്കും. സത്യയുഗത്തിന്റെ സ്ഥാപന എങ്ങനെയാണെന്നും പിന്നീട് ഈ ചക്രം എങ്ങനെയാണ് കറങ്ങുന്നത് എന്നും മനസ്സിലാക്കികൊടുക്കണം. മുഴുവൻ ലോകത്തിന്റെ ഹിസ്റ്ററി, ജോഗ്രഫിയെക്കുറിച്ച് മനസ്സിലാക്കൂ. ഇത് മനുഷ്യരല്ലേ മനസ്സിലാക്കൂ. ഒരു ബാബയുടെ ശ്രീമതത്തിലൂടെ

നടക്കണം. സർവ്വരിലും ദയ കാണിക്കുന്നത് ഒരു ബാബ തന്നെയാണ്. ബാബ ജ്ഞാനത്തിന്റെ സാഗരനാണ്, സുഖത്തിന്റെ സാഗരനാണ്.ബാബ ഈ മാതാക്കൾക്ക് ജ്ഞാനത്തിന്റെ കലശം നൽകുന്നു ഇതിലൂടെ സർവ്വരെയും പാവനമാക്കാൻ സാധിയ്ക്കുന്നു. ബാക്കി വെള്ളത്തിന്റെ നദിയ്ക്ക് പാവനമാക്കി മാറ്റാൻ സാധിയ്ക്കില്ല. ഇത് ഗോമാതാക്കളാണ്. അവർക്ക് ജ്ഞാനത്തിന്റെ കലശം ലഭിയ്ക്കുന്നു. ഇത് പഠിപ്പാണ്, പഠിച്ച് ദേവതയായി മാറണം. ബ്രാഹ്മണ,ദേവത,ക്ഷത്രിയ,വൈശ്യ,ശൂദ്രർ, ഈ നാലു വർണ്ണങ്ങളുണ്ട്.
ഇപ്രകാരം 84 ജന്മങ്ങളുടെ ചക്രം കറങ്ങിക്കൊണ്ടിരിയ്ക്കുന്നു. ഈ ചക്രത്തെ അറിയുന്നതിലൂടെ നിങ്ങൾക്ക് ചക്രവർത്തീ രാജാ റാണിയായി മാറാൻ സാധിക്കും. നല്ലത്.

ബാപ്ദാദയുടെയും മധുര മധുരമായ ജഗദംബ അമ്മയുടെയും കളഞ്ഞുപോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി സ്നേഹ സ്മരണകളും സുപ്രഭാതവും, ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം-

1) പവിത്രതയുടെ ബലത്തിലൂടെ ശ്രീമതത്തിലൂടെ ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നതിന്റെ സേവനം ചെയ്യണം. എല്ലാവരെയും ഒരു ബാബയുടെ ആജ്ഞ കേൾപ്പിക്കണം - പവിത്രമായി മാറുകയാണെങ്കിൽ പവിത്ര ലോകത്തിന്റെ അധികാരിയായി മാറും.

2) ഓരോരുത്തർക്കും മൂന്നച്ഛന്റെ പരിചയം നൽകി ദുഖധാമത്തിൽ നിന്നും ശാന്തി ധാമത്തിലേക്കും സുഖ ധാമത്തിലേക്കും പോകുന്നതിനുള്ള വഴി കാണിച്ചു കൊടുത്ത്, അവരെ അലച്ചിലിൽ നിന്ന് മുക്തമാക്കണം.

## വരദാനം:- മര്യാദാ പുരുഷോത്തമനായി സദാ പറക്കുന്ന കലയിൽ പറക്കുന്ന നമ്പർവൺ വിജയിയായി ഭവിക്കൂ

നമ്പർവണ്ണിന്റെ വിശേഷതയാണ് ഓരോ കാര്യത്തിലും വിജയിക്കുന്നവർ. ഒരു കാര്യത്തിലും പരാജയമുണ്ടാകില്ല, സദാ വിജയി. അഥവാ പോകെ-പോകെ ഇടക്ക് പരാജയമുണ്ടാകുന്നുണ്ടെങ്കിൽ അതിന്റെ കാരണമാണ് മര്യാദകളിൽ ഏറ്റക്കുറച്ചിലുണ്ടാകുക. എന്നാൽ ഈ സംഗമയുഗമാണ് മര്യാദാ പുരുഷോത്തമനാകുന്നതിന്റെ യുഗം. പുരുഷനല്ല, സ്ത്രീയല്ല എന്നാൽ പുരുഷോത്തമൻ, ഈ സ്മൃതിയിൽ സദാ കഴിയൂ എങ്കിൽ പറക്കുന്ന കലയിൽ പൊയ്ക്കൊണ്ടിരിക്കും, താഴെ നിൽക്കില്ല. പറക്കുന്ന കലയുള്ളവർ സെക്കന്റിൽ സർവ്വ സമസ്യകളെയും മറികടക്കും.

## സ്ലോഗൻ:- ഒരു ബാബയുടെ ശ്രേഷ്ഠ സംഗത്തിൽ കഴിയൂ എങ്കിൽ മറ്റൊരു സംഗത്തിനും പ്രഭാവമുണ്ടാക്കാൻ സാധിക്കില്ല.

## മാതേശ്വരിയുടെ അമൂല്യമായ മഹാവാക്യങ്ങൾ

1. ജ്ഞാന ദാതാവിലൂടെ ലഭിച്ചിട്ടുള്ള ജ്ഞാനത്തിന്റെ പുതിയ മുഖ്യമായ പോയിന്റുകൾ -
നമ്മൾ മനുഷ്യാത്മാക്കൾക്ക് ഏറ്റവുമാദ്യം ഏതൊരു മുഖ്യമായ പോയിന്റാണ് ബുദ്ധിയിൽ വെക്കേണ്ടത്? ഇതിനുമേൽ വളരെ നല്ല ശ്രദ്ധയും വെക്കണം. ഏറ്റവുമാദ്യം ഈയൊരു പക്കാ നിശ്ചയം വെക്കണം, നമ്മെ പഠിപ്പിക്കുന്നത് ആരാണ്? രണ്ടാമത്തെ പോയിന്റ് നാമെല്ലാവരും മനുഷ്യാത്മാക്കളാണ്, പരമാത്മാവ് നമ്മുടെ പിതാവാണ്. നമ്മൾ ആത്മാക്കളാകുന്ന കുട്ടികളും പരമാത്മാവാകുന്ന പിതാവും രണ്ടും വ്യത്യസ്തമാണ്. മൂന്നാമത്തെ പോയിന്റ് ഈശ്വരൻ അനന്തമല്ല. ഈശ്വരൻ സർവ്വവ്യാപിയുമല്ല. ഇപ്പോൾ ഈ ജ്ഞാനമാണ് ബുദ്ധിയിൽ വെക്കേണ്ടതായുള്ളത്. അതിനാൽ നമ്മുടെ ജ്ഞാനം മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമാണ്. ലോകത്തിലുള്ളവർ പരമാത്മാവിന്റെ ജ്ഞാനം അവരിലുണ്ടെന്ന് മനസ്സിലാക്കുന്നുണ്ടെങ്കിലും, അവരോട് നിങ്ങൾ ചോദിക്കണം, നിങ്ങളിൽ ഏത് ജ്ഞാനമാണുള്ളത്? അപ്പോൾ അവർ പറയും, ഈശ്വരൻ സർവ്വവ്യാപിയാണ്. എന്നാൽ പരമാത്മാവ് പറയുന്നത്, എന്റെ ജ്ഞാനം എന്നിലൂടെ മാത്രമാണ് ലഭിക്കുന്നത്. എങ്ങനെയാണോ ഒരു വക്കീലിൽ നിന്നും വക്കീലാകുവാനുള്ള ജ്ഞാനവും, ഡോക്ടറിലൂടെ ഡോക്ടറാകുവാനുള്ള ജ്ഞാനവും ലഭിക്കുന്നത്. എന്നാൽ ധാരാളം വക്കീലന്മാരുള്ളതിനാൽ, ഏതെങ്കിലും ഒരു വക്കീലിൽ നിന്നും പഠിപ്പ് ലഭിക്കാവുന്നതാണ്, അതുപോലെ ഒരു ഡോക്ടറിൽ നിന്നും പഠി

ക്കുന്നില്ലെങ്കിൽ മറ്റൊരു ഡോക്ടറിലൂടെ പഠിക്കുന്നു. എന്നാൽ ഈ ഈശ്വരീയ ജ്ഞാനം ഒരേയൊരു പരമാത്മാവിനല്ലാതെ മറ്റൊരു മനുഷ്യാത്മാവിനും, സാധുക്കൾക്കോ, സന്യാസിമാർക്കോ, മാഹാത്മാക്കൾക്കോ ആർക്കും പഠിപ്പിക്കുവാൻ സാധിക്കില്ല. അപ്പോൾ ഇവരിലെല്ലാം പരമാത്മാവിന്റെ ജ്ഞാനമാണുള്ളതെന്ന് നമുക്കെങ്ങനെ മനസ്സിലാക്കുവാൻ സാധിക്കും? നാലാമത്തെ പോയിന്റിതാണ് പരമാത്മാവ് ഓരോ യുഗങ്ങളിലും അവതരിക്കുന്നില്ല. എന്നാൽ പരമാത്മാവ് ഓരോ കല്പവും ഒരേയൊരു തവണ ഈ സംഗമയുഗത്തിൽ മാത്രമാണ് അതായത് കലിയുഗത്തിന്റെ അന്ത്യവും സത്യയുഗത്തിന്റെ ആദിയുമായ സംഗമയുഗത്തിലാണ് വരുന്നത്. അനേക ധർമ്മത്തിന്റെ വിനാശം ചെയ്യിച്ച്, ഒരേയൊരു ആദി സനാതനാ ധർമ്മത്തിന്റെ സ്ഥാപനയാണ് ചെയ്യുന്നത്. അപ്പോൾ പിന്നെ പരമാത്മാവിന് എങ്ങനെ ഓരോ യുഗത്തിലും വരാൻ സാധിക്കും? ഗീതയിലെ ഭഗവാൻ ശ്രീകൃഷ്ണൻ ദ്വാപരയുഗത്തിലാണ് വരുന്നതെന്ന് പറയുന്നു. ഈ കാര്യങ്ങളെയെല്ലാം തെളിയിച്ച് പറഞ്ഞുകൊടുക്കണം, ഗീതയിലെ ഭഗവാൻ ശ്രീകൃഷ്ണനല്ല, ശിവപരമാത്മാവാണ്, അതും ഗീത ദ്വാപരയുഗത്തിലല്ല ഉച്ചരിച്ചത്. ഭഗവാൻ ഗീത ഉച്ചരിച്ചത്, സംഗമയുഗത്തിലാണ്. അഞ്ചാമത്തെ പോയിന്റ് ഗുരുവില്ലാതെ ഘോരമായ അന്ധകാരമെന്നു പറയുന്നുണ്ട്, ആ ഗുരു ആരാണ്? മനുഷ്യ സൃഷ്ടിയാകുന്ന വൃക്ഷം തലകീഴായതാണെന്നു പറയുന്നുണ്ട് അതെങ്ങനെയാണ്, നമുക്കെങ്ങനെ പഞ്ച വികാരങ്ങളുടെ മേൽ വിജയം പ്രാപ്തമാക്കണം? ആറമത്തെ പോയിന്റിതാണ്, നമ്മൾ പാണ്ഡവ യോദ്ധാക്കളാണ്, ആരോടൊപ്പമാണോ സാക്ഷാത് പരമാതമാവുള്ളത് അവർക്ക് മാത്രമാണ് വിജയമുള്ളത്. ഏഴാമത്തെ പോയിന്റ് പരമാത്മാവ് സ്വയം സർവ്വശക്തനാണെങ്കിൽ ആരാണോ പൂർണ്ണമായും പരമാത്മാവിന് കൂട്ട് നൽകിയത്, അവർക്കും പരമാത്മാവിലൂടെ ലൈറ്റിന്റെയും മൈറ്റിന്റെയും കിരീടം ലഭിക്കുന്നു. ഇപ്പോൾ ഈ കാര്യങ്ങളെല്ലാം തന്നെ ബുദ്ധിയിലുണ്ടായിരിക്കണം, ഇതിനെത്തന്നെയാണ് ജ്ഞാനമെന്ന് പറയുന്നത്.

2) ദുർഭാഗ്യശാലിയും സൗഭാഗ്യശാലിയുമാകുന്നതിന്റെ ആധാരമെന്താണ് –
ദുർഭാഗ്യശാലി, സൗഭാഗ്യശാലി ഈ രണ്ടു ശബ്ദങ്ങളും ഏതിന്റെ ആധാരത്തിലാണ് ഉണ്ടാകുന്നത്? നമുക്കറിയാം സൗഭാഗ്യശാലിയാക്കുന്നത് പരമാത്മാവാണ്, ദുർഭാഗ്യശാലിയാക്കുന്നത്, സ്വയം മനുഷ്യർ തന്നെയാണ്. മനുഷ്യർക്ക് സർവ്വ സുഖങ്ങളുമുണ്ടെങ്കിൽ നല്ല ഭാഗ്യമാണെന്നു പറയുന്നു. എപ്പോഴാണോ മനുഷ്യർ സ്വയത്തെ ദുഖിയാണെന്നു മനസ്സിലാക്കുന്നത്, അപ്പോൾ പറയുന്നു, എനിക്ക് ദുർഭാഗ്യമാണെന്ന്. പരമാത്മാവിലൂടെയാണ് സൗഭാഗ്യവും ദുർഭാഗ്യവും ലഭിക്കുന്നതെന്ന് നമുക്കൊരിക്കലും പറയുവാൻ സാധിക്കില്ല. ഇങ്ങനെ മനസ്സിലാക്കുക എന്നത് വളരെ വലിയ വിഡ്ഢത്തരമാണ്. പരമാത്മാവ് നമ്മെ സൗഭാഗ്യശാലിയാക്കുവാനാണ് വന്നിരിക്കുന്നത്. എന്നാൽ ഭാഗ്യത്തെ ഉണ്ടാക്കുന്നതും നശിപ്പിക്കുന്നതും ഇതെല്ലാം തന്നെ കർമ്മത്തിനെ ആധാരമാക്കിയാണുള്ളത്. ഇതെല്ലാം തന്നെ മനുഷ്യരുടെ സംസ്കാരങ്ങളെ ആധാരമാക്കിയാണ്. പിന്നീട് നമ്മളിൽ നിറയുന്ന പാപത്തിന്റെയും പുണ്യത്തിന്റെ സംസ്കാരങ്ങൾക്കനുസരിച്ച് ഭാഗ്യമുണ്ടാകുന്നു. എന്നാൽ മനുഷ്യർക്ക് ഈ രഹസ്യത്തെക്കുറിച്ച് അറിയാത്തതിനാൽ പരമാത്മാവിനുമേൽ ദോഷമാരോപിക്കുന്നു. നോക്കൂ, മനുഷ്യർ സ്വയത്തെ സുഖിയാക്കി വെക്കുന്നതിനു വേണ്ടി, മായയുടെ എത്ര വിധികളാണ് സ്വീകരിക്കുന്നത്, ആ മായ തന്നെ സുഖമാണെന്നു മനസ്സിലാക്കി ജീവിക്കുന്നവരുമുണ്ട്, ചിലർ മായയെ സന്യസിച്ച് മായയെ ഉപേക്ഷിക്കുന്നതിലൂടെയാണ് സുഖമെന്നു മനസ്സിലാക്കുന്നവരുമുണ്ട്. പല പ്രകാരത്തിലുള്ള പ്രയത്നങ്ങൾ ചെയ്യുന്നുണ്ടെങ്കിലും എന്തു തന്നെ ചെയ്താലും റിസൾട്ട് (പരിണാമം) ദുഖത്തിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. എപ്പോഴാണോ സൃഷ്ടിയിൽ അപാര ദുഖമുണ്ടാകുന്നത്, അപ്പോഴാണ് സ്വയം പരമാത്മാവ് വന്ന് ഗുപ്തരൂപത്തിൽ തന്റെ ഈശ്വരീയമായ യോഗശക്തിയിലൂടെ ദൈവീക സൃഷ്ടിയുടെ സ്ഥാപന ചെയ്യിച്ച് സർവ്വ മനുഷ്യാത്മാക്കളെയും സൗഭാഗ്യശാലിളാക്കി മാറ്റുന്നത്. ശരി. ഓംശാന്തി.